മേലധികാരിക്ക്. നിയമനം നടത്താൻ കഴിയുന്നില്ല എന്നുമുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് മേലിൽ ലിസ്റ്റ് അയയ്ക്കുമ്പോൾ സംവരണ തത്വം പാലിക്കുന്നതിന് സഹായകമായ നിലയിൽ അവരെക്കൂടി ഉൾപ്പെടുത്തി ലിസ്റ്റ് അയയ്ക്കാൻ വേണ്ട നിർദ്ദേശം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾക്ക് നൽകുമോ?

ശ്രീ. കെ. ശിവദാസൻ: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് ഉദ്യോഗത്തിന് നിയമിക്കപ്പെടാൻ അർഹതയുള്ള ആളുകളെ അയയ്ക്കാൻ പറഞ്ഞാൽ അവിടെ നിന്ന് അയയ്ക്കുന്നത് സംവരണ തത്വത്തിലെ ലിസ്റ്റ് കൊടുത്തിട്ടാണ്. സംവരണ തത്വത്തിന്റെ അടിസ്ഥാനത്തിൽ, പത്തു പോസ്റ്റ് ഉണ്ടെങ്കിൽ, റിസർവേഷന്റെ ഓരോ കമ്മ്യൂണിറ്റിയിലും ഇത്രയിത്ര പേരെ നിയമിച്ചുകൊള്ളണമെന്ന നിർദ്ദേശത്തോടുകൂടിയേ ലിസ്റ്റ് അയച്ചുകൊടുക്കാറുള്ളൂ.

തോട്ടം തൊഴിലാളികളുടെ മിനിമം വേജസ്

* 188 [219] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കാനം രാജേന്ദ്രൻ:
,, കെ. ടി. കുമാരൻ:
,, കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ മിനിമം വേജസ്സിനെക്കുറിച്ച് സംസ്ഥാന മിനിമംവേജസ് അഡ്വൈസറി ബോർഡിന്റെ ശുപാർശകൾ എന്തെല്ലാമാണ്;

(ബി) ഈ ശുപാർശകളിൽ എന്തെല്ലാം ഇതുവരെ നടപ്പിലാക്കി;

(സി) ബാക്കിയുള്ളവ എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) തോട്ടം തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരടു വിജ്ഞാപനം മിനിമം വേജസ് അഡ്വൈസറി ബോർഡിന് അയച്ചുകൊടുത്തുവെങ്കിലും തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പ്രതിനിധികൾക്ക് യോജിച്ച് അഭിപ്രായം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നും ആ സാഹചര്യത്തിൽ ബോർഡിന് ശരിയായ ഒരു ശുപാർശ നൽകാൻ കഴിയുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ: സർ, തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പ്രതിനിധികൾക്ക് യോജിച്ച് ഒരു അഭിപ്രായം രൂപീകരിക്കാൻ സാധിക്കാത്തതുകൊണ്ട് ബോർഡിന് ശരിയായ നിർദ്ദേശം ഗവൺമെൻറിന് അയയ്ക്കാൻ കഴിഞ്ഞില്ലെന്നാണ് ഇവിടെ മറുപടി പറഞ്ഞത്. തൊഴിലുടമകളുടെ അനാവശ്യമായ പിടിവാശി മൂലമല്ലേ ഇങ്ങനെ ഒരഭിപ്രായം രൂപീകരിക്കുവാൻ കഴിയാതെ പോയത്? അത്തരം ഒരു സാഹചര്യത്തിൽ ബോർഡിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല, ആർക്കും ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിന് ഇതിൽ ഇടപെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: ഇതിൽ അന്തർലീനമായിരിക്കുന്ന പ്രശ്നം എന്താണെന്നുവച്ചാൽ, തോട്ടം തൊഴിലാളികളുടെ മിനിമം വേജസ് എന്താണെന്നുള്ളതിനെ സംബന്ധിച്ച് നിയുക്തമായ ഒരു കമ്മിറ്റി നെഗോഷ്യേറ് ചെയ്ത് വേജസ് ഫിക്സു ചെയ്തു. ആ വേജസ് നടപ്പാക്കുകയും ചെയ്തു. അതു കൊടുത്തുകൊണ്ടിരിക്കുകയാണ്. പല പ്പോഴും ഇങ്ങനെയുണ്ടാക്കുന്ന വേജസ് നോട്ടിഫൈ ചെയ്യാറുണ്ട്. ഇത് നോട്ടിഫൈ ചെയ്യാൻ നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അത് നോട്ടിഫൈ ചെയ്തു. അങ്ങനെ നോട്ടിഫൈ ചെയ്യുവാൻ ഗവൺമെന്റ് ചട്ടപ്രകാരം മിനിമം വേജസ് അഡ്വൈസറി ബോർഡിൽ പോയി അഭിപ്രായം ആരാഞ്ഞിരിക്കണമെന്നുണ്ട്. അങ്ങനെ പോയപ്പോൾ ആ കമ്മിറ്റിയിലെ അഭിപ്രായങ്ങളെല്ലാം അവിടെ ഉണ്ടെങ്കിലും അവർ വ്യത്യസ്ത അഭിപ്രായം പറഞ്ഞു. ഇത് ഇങ്ങനെ പബ്ലിഷ് ചെയ്യാൻ കഴിയുകയില്ല, ഇതുസംബന്ധിച്ച് അടിസ്ഥാനപരമായ അന്വേഷണം നടത്തി വേജസ് വർദ്ധിപ്പിക്കണം, ഡി. എ. വർദ്ധിപ്പിക്കണം എന്നൊക്കെ തൊഴിലാളികളുടെ ഭാഗത്തുനിന്നും പറഞ്ഞു. സ്വാഭാവികമായും തൊഴിലുടമയുടെ ഭാഗത്തു നിന്നും ഇത് എഗ്രീഡ് വേജസാണ്; ഇപ്പോൾ ഒന്നും ചെയ്യാൻ പറ്റുകയില്ല എന്നവർ പറഞ്ഞു. അതുകൊണ്ടാണ്, ചെയർമാൻ, വളരെ പരസ്പര വിരുദ്ധങ്ങളായ അഭിപ്രായമായതുകൊണ്ട് റിപ്പോർട്ട് തരുന്നില്ലെന്നു പറഞ്ഞത്. അങ്ങനെ ഗവൺമെൻറിൽ വന്നു. ഗവൺമെന്റ് ഉടൻതന്നെ കമ്മീഷണർപോയി കൂടിയാലോചിച്ച് റിപ്പോർട്ട് തരാൻ പറഞ്ഞു. ഇപ്പോൾ വീണ്ടും മെമ്മോറാണ്ടം ഒക്കെ വന്നിട്ടുണ്ട്. പുതുതായി വേജസ് നെഗോഷ്യേറ് ചെയ്യാൻ സമയം എത്തിയിരിക്കയാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, അപ്പോൾ സർക്കാർ ഇക്കാര്യത്തിൽ ജാഗ്രത പാലിക്കുന്നു എന്നു വേണമല്ലോ കരുതാൻ. തൊഴിലാളികൾക്കു അവസാനമായി നിശ്ചയിച്ച മിനിമം കൂലി എത്രയാണ്? അത് എന്നാണെന്നു പറയാമോ?

ശ്രീ. കെ. ശിവദാസൻ: അതൊരു വലിയ ലിസ്റ്റാണ്. അത് രണ്ടു വർഷത്തിനു മുമ്പ് വന്നിട്ടുള്ളതാണ്. അതിന്റെ എഗ്രിമെൻറിന്റെ കാലാവധി രണ്ടു മാസം മുമ്പ് കഴിഞ്ഞു.

ശ്രീ. കെ. ടി. കുമാരൻ: സർ, ബോർഡിന് റിപ്പോർട്ടു നൽകാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട് എന്നു പറഞ്ഞു. ഇനി എന്താണ് ഈ ഗവൺമെൻറ് തീരുമാനിക്കുവാൻ പോകുന്നത്? ഇന്നത്തെ താങ്ങാൻ വയ്യാത്ത ജീവിത ചെലവിന് പരിഹാരം കാണാൻ വേണ്ടി മിനിമം വേജ് പുതുക്കി നിശ്ചയിക്കുകയോ അല്ലെങ്കിൽ കൂടുതൽ കൂലി കൊടുക്കുന്നതിനു വേണ്ടി എന്താണ് ഗവൺമെൻറ് ചെയ്യാൻ പോകുന്നതെന്ന് പറയാമോ?

ശ്രീ. കെ. ശിവദാസൻ: ഇത് ശുപാർശ ചെയ്യാതിരുന്നതിന് പറഞ്ഞിരിക്കുന്ന കാരണങ്ങളിലൊന്ന് എഗ്രിമെൻറിന് പ്രസക്തി മിക്കവാറും തീർന്നിരിക്കുന്നു, പുതിയ എഗ്രിമെൻറ് നെഗോഷ്യേറ് ചെയ്യേണ്ട സമയം വന്നിരിക്കുന്നു എന്നതാണ്. ഇത് നോട്ടിഫൈ ചെയ്താൽ അഞ്ചു കൊല്ലം വരെ നിലനിൽക്കുകയും തൊഴിലാളികൾക്കു ദോഷം ചെയ്യുകയും ചെയ്യുമെന്നുള്ളതാണ് അതിന്റെ കാരണങ്ങളിലൊന്ന്. നെഗോഷിയേഷൻ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: സർ, മിനിമം വേജസ് അഡൈ്വസറി ബോർഡിന്റെ മുമ്പിൽ പരിഗണനയ്ക്ക് ഗവൺമെന്റ് അയച്ച നോട്ടിഫിക്കേഷൻ ഒപ്പാനേറഷൻ ലേബർ കമ്മിറ്റി നൽകിയ അംഗീകൃത ശുപാർശകളായിരുന്നു. ആ ശുപാർശകൾ വ്യവസായികളും തൊഴിലാളികളും അംഗീകരിച്ച് നടപ്പിലാക്കിക്കഴിഞ്ഞു. അതിന്റെ കാലാവധി തീരുന്ന അവസരത്തിലാണ് ഇത് മിനിമം വേജസ് അഡൈ്വസറി ബോർഡ് ഈ കാര്യത്തിൽ ശുപാർശകൾ നൽകുന്നത് അപ്രസക്തമാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. മാത്രമല്ല കാലാവധി അവസാനിക്കാറാവുകയും, പുതിയ എഗ്രിമെന്റിനുവേണ്ടിയുള്ള ചർച്ചകൾ തുടങ്ങിക്കഴിയുകയും ചെയ്തിരുന്ന സാഹചര്യത്തിലാണ് മിനിമം വേജസ് അഡൈ്വസറി ബോർഡിന്റെ ശുപാർശ അപ്രസക്തമാണെന്ന് ചൂണ്ടിക്കാണിച്ചത്. അതുകൊണ്ട് അനേഷണം നടത്തത്തക്ക വിധത്തിൽ പുതിയ കമ്മിറ്റി രൂപീകരിച്ച് ഇത് പരിശോധിക്കുകയാണ് ആവശ്യമെന്ന് നിർദ്ദേശിച്ചിരുന്നില്ലേ?

ശ്രീ. കെ. ശിവദാസൻ: സർ, ഇനി നോട്ടിഫൈ ചെയ്യുന്നത് ഒരിക്കലും തൊഴിലാളികൾക്കു സഹായകമായിരിക്കുകയില്ല. കാലം മാറിപ്പോയി. അതുകൊണ്ട് ഇപ്പോൾ നെഗോഷിയേഷന്റെ സമയമായിരിക്കുന്നു, മെമ്മോറാണ്ടമൊക്കെ വന്നിരിക്കുന്നു. നെഗോഷിയേഷൻ കഴിഞ്ഞ് വേജ് നിശ്ചയിച്ചശേഷം അത് നോട്ടിഫൈ ചെയ്യണമെങ്കിൽ അപ്പോൾ തന്നെ നോട്ടിഫൈ ചെയ്യാം.

ശ്രീ. എം. ജിനദേവൻ: സർ, തോട്ടം തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കരാറിന്റെ കാലാവധി കഴിഞ്ഞ മാർച്ച് 31-ാം തീയതി അവസാനിച്ചു. ഏപ്രിൽ 1-ാം തീയതി മുതൽ പുതിയ വേതന ഘടന നിലവിൽ വരേണ്ടതാണ്. ഇപ്പോൾ നാലുമാസം കഴിഞ്ഞു. അതിനെ സംബന്ധിച്ച കൂടിയാലോചന ആരംഭിച്ചിട്ടുണ്ടോ? അതിനെ സംബന്ധിച്ച് തൊഴിലാളികളും അവരുടെ ആവശ്യങ്ങളും ഗവൺമെന്റിന്റെ മുമ്പിൽ ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ആരംഭിച്ചിട്ടില്ല. ഒരുപക്ഷേ വ്യവസായത്തിന്റെ മാന്ദ്യം അതിനൊരു കാരണമായിരിക്കും. ഉടൻതന്നെ യൂണിയനുകളും ആവശ്യപ്പെടുന്ന മുറയ്ക്ക് നെഗോഷിയേഷൻ ആരംഭിക്കാവുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കെ. എസ്. ആർ. ടി. സി. യിലെ താൽക്കാലിക കണ്ടക്ടർമാർ

* 189 [220] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, ആർ. എസ്. ഉണ്ണി:
,, എം. വി. രാഘവൻ:
,, വി. സുരേന്ദ്രൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട എത്ര താൽക്കാലിക കണ്ടക്ടർമാർ ഉണ്ട്; ഇവരെ നിയമിക്കുന്നതിന് എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly